بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 26/02/2016

**(16 JAMADUL AWWAL 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "POLITICAL POWER IN ISLAM " / ഇസ്ലാമിലെ രാഷ്ട്രീയാധികാരം

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ഇസ്ലാമിലെ രാഷ്ട്രീയാധികാരമെന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു.

**ഇസ്ലാമിലെ രാഷ്ട്രീയാധികാരം :–** ഐ.എസ്.ഐ.എസ്. (ഇസ്ലാമിക് സ്റ്റേറ്റ് ഓഫ് ഇറാഖ് & സിറിയ) ന്റെ ഇറാഖിലും സിറിയയിലും നടക്കുന്ന ഉപരോധ സമരം ചില മുസ്ലീം സംസ്ഥാനങ്ങളെ ചേർത്തുകൊണ്ട് ഇസ്ലാമിക ഖിലാഫത്തിന്റെ പ്രഖ്യാപനം, അല്ലാഹുവിന്റെയോ, സത്യവാന്മാരായ ആളുകളുടെയോ, അംഗീകാരത്തിന് വിധേയമല്ല; മറിച്ച് ഈ പ്രഖ്യാപനവും ഉപരോധവും, ഇസ്ലാമിക ലോകത്തിനും മറ്റിതര രാജ്യങ്ങൾക്കും ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്. അൽഖായിദയ്ക്കും മറ്റിതര ഭീകര വിഭാഗങ്ങൾക്കും പിറകെ, ഐ.എസ്., ഐ.എസ് ഇറാഖിലും സിറിയയിലും നാശം വിതയ്ക്കുകയാണ്. ശക്തിയിലൂടെയും ഭീകരതയിലൂടെയും ജനങ്ങളെ തങ്ങളുടെ കീഴിൽ കൊണ്ടുവരുവാൻ ശ്രമിക്കുകയാണവർ. അവരെ സംബന്ധിച്ചിടത്തോളം, സമുദായത്തിന്റെ ഒന്നാമത്തെ ലക്ഷ്യം, ജനാധിപത്യ ശക്തികളെ ആദ്യമായി പിടിച്ചടക്കണം, എങ്കിൽ മാത്രമേ അവരുടെ ആതിപത്യത്തിൻ കീഴിൽ ഭരണം നടത്തുവാൻ കഴിയുകയുള്ളൂ. വിശുദ്ധഖുർആനിലേയോ, വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെയോ പിൻബലമില്ലാത്ത പ്രവർത്തിയാണിത്. അവർ സത്യത്തിൽ മുസ്ലീം അമുസ്ലീം ഭേദമന്യേ എങ്ങും ഭീകരത സൃഷ്ടിക്കുകയാണ്. ഇതിലൂടെ ലോകം ഒരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. അതുകൊണ്ട് ഈ നൂറ്റാണ്ടിൽ, അല്ലാഹുവിന്റെ ഖലീഫയെ ഈ നൂറ്റാണ്ടിലെ വിശ്വാസത്തെ നവീകരിക്കുന്നതിനായി ഉയർത്തപ്പെട്ടത്. തെറ്റായ നിലയിൽ ഖിലാഫത്ത് സ്ഥാപിക്കപ്പെട്ടാൽ, അതിനെതിരിൽ നിൽക്കുവാനും, അത്തരം ഖിലാഫത്തുകൾക്ക് തീ ആളികത്തിക്കുവാൻ മാത്രമേ കഴിയുകയുള്ളൂവെന്ന് ഇസ്ലാമിക സമൂഹത്തെ എളുപ്പം തകർക്കുവാൻ മാത്രമേ കഴിയുകയുള്ളൂ എന്നുമുള്ള യാഥാർത്ഥ്യം പഠിപ്പിച്ചുകൊടുക്കുവാനുമാണ് നിയോഗിതനായത്.

ഇപ്പോൾ നാമൊരു അടിയന്തര ഘട്ടത്തിലാണ്. വിശുദ്ധ ഖുർആനും വിശുദ്ധ പ്രവാചകൻ (സ) യുടെ സുന്നത്തും മുസ്ലീങ്ങൾ സ്വയം പരിശോധനാവിധേയമാക്കേണ്ടതാണ്. അപ്പോൾ നമുക്ക് ഒരുകാര്യം മനസ്സിലാകും, മുസ്ലീങ്ങൾ എന്ന് പറയപ്പെടുന്ന ഇവർ, ഉമ്മത്തിന്റെ സംരക്ഷകർ എന്നവകാശപ്പെടുന്ന ഇക്കൂട്ടർ പരിശുദ്ധ പ്രവാചകൻ (സ)യുടെ സുന്നത്തുമായി ഇവർക്ക് യാതൊരു ബന്ധവുമില്ലാ എന്ന് ! വിശുദ്ധ പ്രവാചകൻ (സ) ഒന്നാം സ്ഥാനം വിശുദ്ധ ഖുർആന് നൽകുകയുണ്ടായി. വളരെ മുമ്പ് തന്നെ അദ്ദേഹത്തിന് രാഷ്ട്രീയാധികാരവും ലഭിക്കുകയുണ്ടായി. രാഷ്ട്രീയാധികാരങ്ങൾ ലഭ്യമായപ്പോൾ പോലും, വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാനാണ് അദ്ദേഹം ശ്രമിച്ചത്. വിശുദ്ധ പ്രവാചകൻ (സ) മാത്രമാണ്. നമ്മുടെ ഒരേയൊരു പ്രകാശ ഉറവിടം. പ്രവാചകൻ (സ) യുടെ രാഷ്ട്രീയാധികാരത്തിലേക്കുള്ള കയറ്റം, അനീതിമുക്തവും ബലാൽക്കാരമുക്തവുമായിരുന്നു ഭരണത്തിന്റെ പ്രാഥമിക ഘടകം. വിശുദ്ധഖുർ ആൻ വ്യക്തമാക്കുന്നു. ''മതത്തിൽ യാതൊരുവിധ നിർബന്ധവുമില്ല'' ബലാൽക്കര ശക്തിപ്രയോഗിച്ച് വിശ്വാസം സ്ഥാപിക്കുവാൻ സാധ്യമല്ല. ഇതുസംബന്ധമായി അനേകം ദൈവീക വചനങ്ങൾ നമുക്ക് കാണുവാൻ കഴിയും. മുഹമ്മദ് (സ) നെ അഭിസംബോധനചെയ്തുകൊണ്ട് അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. **''നീ ഉദ്ബോധനം ചെയ്യുന്നവൻമാത്രമാണ്, അവരുടെമേൽ അധികാരം ചെലുത്തുന്നവനല്ല''**

88:22-23 **മുദക്കിറും, മുസെയ്തിറും** തമ്മിൽ വ്യത്യാസമുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഒരാൾ ഇതിനെ വ്യാഖാനിക്കുകയാണെങ്കിൽ, രാഷ്ട്രീയാധികാരത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഒരാൾക്ക് രാഷ്ട്രീയാധികാരം ലഭിച്ചു എന്നിട്ട് ജനങ്ങളുടെമേൽ ശക്തി ഉപയോഗിക്കുന്നു, വിശിഷ്യാ മുസ്ലീങ്ങൾ അല്ലാത്തവരുടെമേൽ അവരുടെ ദൈനംദിന ജീവിതത്തിൽ വിശുദ്ധഖുർആൻ പ്രയോഗിക്കുകയാണെങ്കിൽ, അവരിൽ അടിച്ചേൽപ്പിക്കുകയാണെങ്കിൽ, നമ്മുടെ പ്രിയപ്രവാചകനെക്കുറിച്ച് ജനങ്ങൾ തെറ്റായി മനസ്സിലാക്കുകയായിരിക്കും ഫലം. മാനവരാശിയുടെ രക്ഷകനെ, പ്രാകൃതപെരുമാറ്റമുള്ള, സഭ്യതയില്ലാത്ത ഒരാളായി മനസ്സിലാക്കുകയും, ഇസ്ലാമിനെ ഒരു ഭയമായി കാണുകയും, അതിലൊരു സന്തോഷവുമില്ലായെന്ന് മനസ്സിലാക്കുകയും ചെയ്യും. മാത്രമല്ല, ഖുർആന്റെ നിയമങ്ങൾ ജനങ്ങളുടെമേൽ അവരുടെ അംഗീകാരമില്ലാതെ അടിച്ചേൽപ്പിക്കുന്നവർ, അവരുടെ തന്നെ മതത്തിന്റെ വിലയറിയാത്തവരാണ്, അവർ ഒരിക്കലും യഥാർത്ഥ മുസ്ലീങ്ങളുമല്ല എന്നിരുന്നാലും, ദൈവീക സന്ദേശത്തെ പാടെ അവഗണിക്കുന്നവരുടെമേൽ ഖുർആന്റെ നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നതിൽ ഒരു വ്യത്യാസമുണ്ട്. ഒരു ഇസ്ലാമികരാജ്യത്ത് ഖുർആന്റെയും പ്രവാചകന്റെയും നിയമങ്ങൾ നടപ്പിലാക്കുമ്പോൾ, മുസ്ലീങ്ങൾ അല്ലാത്തവർ അവരുടെ സ്ഥലങ്ങളിൽ അവരുടെ വിശ്വാസമനുസരിച്ച്, സമാധാനത്തോടെ സ്വതന്ത്രരരായി കഴിയുന്നതിന് ജിസ്യ നൽകേണ്ടതാണ്. (ഇസ്ലാമിക രാജ്യങ്ങളിലെ സ്ഥലങ്ങളിൽ, മുസ്ലീങ്ങൾ അല്ലാത്തവർക്ക് സ്വതന്ത്രരരായി കഴിയുന്നതിനുള്ള നികുതി) കാരണം ഖുർആന്റെ നിയമമനുസരിച്ച് (ശരീഅത്ത് നിയമമനുസരിച്ച്) ഭരണം നടത്തുന്ന ഒരു രാജ്യത്ത്, അവർ സ്വതന്ത്രരരായി കഴിയുന്നതിനും സംരക്ഷണത്തിനുമാണ് നികുതി നൽകുന്നത്.

അല്ലാഹുവിന്റെ വാക്കുകൾ **മുദക്കിറും മുസെയ്ത്വിറും** എതിർചലനങ്ങൾ നിർദ്ദേശിക്കുന്നു. ഒന്ന് (പ്രവാചകന്) ഒരൽപ്പം അധികാരം നൽകുന്നു; എന്നാൽ അടുത്ത പദം ആ അധികാരം നീക്കം ചെയ്യുന്നു. ഈ വാക്കുകൾ നമുക്ക് മനസ്സിലാക്കി തരുന്നത് വിശുദ്ധ പ്രവാചകൻ അധികാരത്തിലിരിക്കുന്ന ഒരു സാഹചര്യത്തിൽ, കാര്യം വളരെ വ്യക്തമാണ്, അദ്ദേഹം ജനങ്ങളുടെ ഒരു രക്ഷാധികാരിയല്ല; അവരുടെ കാര്യങ്ങളിൽ അധികാരം ചെലുത്തുന്നവനല്ല; അഥവാ ഒരു ഏകാധിപതിയല്ല എന്ന് സാരം. രാജ്യത്തിന്റെ ഭരണനിർവ്വഹണ വസ്തുതകളിലേക്കാണ് ഇത് വെളിച്ചം നൽകുന്നത്. ഒരു രാജ്യത്തിന്റെ ഉന്നതസ്ഥാനത്തിരിക്കുമ്പോൾ, ഖുർആന്റെ സിദ്ധാന്തങ്ങളെ ആരുടെമേലും അടിച്ചേൽപ്പിക്കുവാൻ അദ്ദേഹത്തിന് ഒരവകാശവുമില്ല. (വിശിഷ്യാ വിശ്വാസകാര്യങ്ങളിൽ) നിങ്ങൾക്ക് കാര്യങ്ങൾ കൂടുതൽ വ്യക്തമാകുവാനായി ; വിശുദ്ധഖുർആനിൽ ജനങ്ങളുടെ ആത്മീയ പരിശുദ്ധിക്കായുള്ള വചനങ്ങൾ നമുക്ക് കാണാം, അല്ലാഹുമായുള്ള അവരുടെ ബന്ധം, അവരുടെ ധാർമ്മികത, മറ്റേനകം മതപരമായ കാര്യങ്ങൾ. ഇക്കാര്യങ്ങളിൽ യാതൊരുവിധ ബലാൽക്കാരവും പാടില്ലായെന്ന് അത് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. മറ്റുചില വചനങ്ങളുണ്ട്. അവ ഭരണകൂടവുമായും, ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ടതാണ്. നീതി നിർവ്വഹണം, ക്രമസമാധാനപാലനം തുടങ്ങിയവ. ഇക്കാര്യത്തിൽ ചില ബലാൽക്കാര്യങ്ങളൊക്കെ അനിവാര്യമാണ്. ഇവ ഇസ്ലാമിക രാജ്യങ്ങളിലും മറ്റു ലോക രാജ്യങ്ങളിലും നിലനിൽക്കുന്നുമുണ്ട്. ചുരുക്കിപറഞ്ഞാൽ മതപരമായ കാര്യങ്ങളിൽ ഒരു രീതിയിലുള്ള ബലാൽക്കാരവും പാടില്ല. രാജ്യഭരണ നിർവ്വഹണത്തിൽ ചില ബലാൽക്കാരങ്ങളൊക്കെ അനുവദനീയവുമാണ്. അത്തരം യുക്ത്യനുസൃതമായ ബലാൽക്കാരം പ്രയോഗിക്കുന്നതിന്, സ്വാതന്ത്ര്യത്തിന്റെ ആശയം ഒരുവൻ മനസ്സിലാക്കിയിരിക്കണം. **രണ്ട് വ്യക്തികൾ അവരുടെ സ്വാതന്ത്ര്യം പ്രയോഗിക്കുമ്പോൾ, സ്വാതന്ത്ര്യത്തെ അതിന്റേതായ വീക്ഷണത്തിലൂടെ കാണേണ്ടി വരും. ഈ രണ്ടു വ്യക്തികളും തങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ സ്വതന്ത്രർ ആകുന്നു. എന്നാൽ ആദ്യത്തെ വ്യക്തി രണ്ടാമനെ ഇടിച്ചാൽ, മുറിവേൽപ്പിച്ചാൽ, അഥവാ വധിച്ചാൽ രണ്ടാമന്റെ അവകാശത്തെ ധ്വംസിച്ചിരിക്കുകയാണ്. അത്തരം സാഹചര്യങ്ങളിൽ ഭരണകൂടം സമാധാനം സ്ഥാപിക്കുവാൻ ഇടപെടേണ്ടി വരും. ഇക്കാര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് കടിഞ്ഞാൺ ഇടേണ്ടി വരും. ജനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിന്റെ വീക്ഷണത്തിന് കുറവുണ്ടാകുന്നു. ഭരണകൂടത്തിന്റെ ഈ നിലയിലുള്ള ബലാൽക്കാരം ഖുർആനിക അധ്യാപനങ്ങൾക്കെതിരല്ല. അതായത് "മതത്തിൽ യാതൊരുവിധ നിർബന്ധവും പാടില്ല."** മതകാര്യത്തിന്റെ പ്രകൃതം തികച്ചും വ്യത്യസ്തമാണ്. സ്വാതന്ത്രത്തിന്റെ താൽപര്യത്തിനായി, എല്ലാ രാഷ്ട്രങ്ങളും ചില ബലാൽക്കാരങ്ങൾ നടപ്പിലാക്കാറുണ്ട്. ഇത് ഏതൊരു രാഷ്ട്രത്തിന്റെയും അടിസ്ഥാനതത്വമാണ്. വ്യക്തിയുടെ അഥവാ സമുദായങ്ങളുടെ അവകാശങ്ങൾ അടിസ്ഥാന അവകാശങ്ങളാണ്.

ഓരോ വ്യക്തിയും അഥവാ സമുദായവും അവന്റെ അവകാശങ്ങൾ പ്രയോഗിക്കുന്നതിന് സ്വതന്ത്രരാണ്. ഇനി ഒരാൾ മറ്റൊരാളിന്റെ അവകാശങ്ങൾ കവർന്നെടുക്കുകയാണെങ്കിൽ, അത് തടയേണ്ടത് അനിവാര്യമാണ്. ഇത്തരം സാഹചര്യങ്ങളിൽ ബലാൽക്കാരമായ ഇടപെടൽ അനിവാര്യമാണ്. ഇത് എല്ലാ രാഷ്ട്രങ്ങളുടെയും പൊതുവായ ബാധ്യതയുമാണ്. ഇത് ഇസ്ലാമിന് പ്രത്യേകമാക്കപ്പെട്ട ഒരവകാശമല്ല.

യഥാർത്ഥ ഇസ്ലാം, ഭീകരതയുടെ മേലങ്കിയില്ലാതെ, എപ്പോഴെങ്കിലും അധികാരത്തിൽ വരുകയാണെങ്കിൽ, പൊതുസമാധാനം കാത്തുസൂക്ഷിക്കുന്നതിനുളള ബലാൽക്കാര ബാധ്യത സർക്കാരിനുണ്ട്. അത്തരം നിയമം സ്ഥാപിക്കേണ്ടതുമാണ്. മതപരമായ കാര്യത്തിലല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അധികാരത്തിൽ വരാതെ, ഈ തത്വങ്ങൾ പ്രയോഗത്തിൽ വരുത്തുക അസാധ്യമാണ്. ബലാൽക്കാര രൂപത്തിലുളള പ്രശ്നം തികച്ചും തെറ്റായ സിദ്ധാന്തങ്ങളിൽ എത്തിനിൽക്കുകയാണ്. വിശുദ്ധപ്രവാചകൻ ഇസ്ലാമിനെ സ്ഥാപിക്കുന്നതിന് ഭരണകൂടത്തെ ഒരിക്കലും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇസ്ലാം മതത്തെ സ്ഥാപിച്ചത് ഇസ്ലാമിന്റെ പ്രകൃതിയിലൂടെയാണ്. സംശുദ്ധവും പ്രകൃത്യായുളള മതാധ്യാപനങ്ങളിലൂടെ മാത്രം. അധികാരം ലഭിച്ച ശേഷം ഇസ്ലാമിന്റെ മതപരമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഒരു മാറ്റവും വരുത്തിയിട്ടില്ലാ. അത് മക്കയിലായാലും ശരി മദീനയിലായാലും ശരി ഒരേ നിലയിൽ തന്നെയായിരുന്നു. മറ്റു നിലയിൽ ആരെങ്കിലും അവകാശപ്പെടുന്നുണ്ടെങ്കിൽ അത് തെറ്റാണ്. വിശുദ്ധ പ്രവാചകൻ (സ) തന്റെ മതപരമായ വീക്ഷണങ്ങൾ, സിദ്ധാന്തങ്ങൾ അഥവാ ഇസ്ലാമിക തത്വശാസ്ത്രം നടപ്പിൽ വരുത്തുവാൻ മർദ്ദനപരമായ രീതി ഒരിക്കലും അവലമ്പിച്ചിട്ടില്ല. ഇസ്ലാമിനെ നമുക്ക് വിവരിക്കുവാൻ കഴിയും, അത് ഒരു ജീവിതരീതിയാണ് എന്ന്. ജീവിതത്തിന്റെ ഒരു വഴിയാണ്. അത് ഒരാളിൽ അടിച്ചേൽപ്പിക്കുവാൻ ഒരാൾക്കും ഒരിക്കലും ഇസ്ലാമിൽ അനുവദിച്ചിട്ടില്ല. മക്കയിലായാലും മദീനയിലായാലും അതിന്റെ പ്രഖ്യാപനം ഒന്ന് തന്നെ “ നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം”

ദൈവവും മനുഷ്യനുമായുളള ബന്ധത്തെ സംബന്ധിച്ചിടത്തോളം അത് ഒരു ജീവിത വഴിയാണ്. അതിൽ ഒരു നിർബന്ധവും പാടില്ല. ഈ രീതിക്ക് മക്കയിൽ വെച്ചോ മദീനയിൽ വച്ചോ ഒരു മാറ്റവും വരുത്തിയിട്ടില്ല. ഈ വിഷയത്തിൽ ഖുർആന്റെ നിർദ്ദേശമനുസരിച്ചാണ് അദ്ദേഹം ഇടപെട്ടിട്ടുളളത്. ഒരു വ്യക്തി പ്രാർത്ഥന നടത്തുവാൻ ആഗ്രഹിക്കുകയാണെങ്കിൽ മക്കയിലായാലും ശരി മദീനയിലായാലും ശരി അത് നിർവ്വഹിക്കുവാൻ അവന് സ്വാതന്ത്ര്യമുണ്ട്. അവനതു ചെയ്യുന്നില്ലെങ്കിൽ അവന്റെ മേൽ ഒരു ബലാൽക്കാരവും ചെയ്യുവാൻ പാടില്ല. അവന്റെ മേൽ ഒരു നടപടിയും എടുക്കുവാനും പാടില്ല. വ്രതാനുഷ്ഠാനത്തിന്റെ കാര്യത്തിലായാലും ശരി, ഹജ്ജ് കർമ്മത്തിന്റെ കാര്യത്തിലായാലും ശരി! സക്കാത്തിന്റെ കാര്യത്തിൽ ഒരു രീതിയിലുളള ബലാൽക്കാരം നടപ്പിലാക്കിയിട്ടുണ്ട്! നികുതി നൽകുകയെന്നത് എല്ലാ പൗരന്മാരുടെമേലും നടപ്പിലാക്കിയിട്ടുണ്ട്, കാരണം അതിലൂടെ എല്ലാ പൗരന്മാരുടെയും ക്ഷേമമാണ് ലക്ഷ്യമിട്ടിട്ടുളളത്. ഇത് എല്ലാ ഭരണകൂടങ്ങളും നികുതിപിരിക്കുന്നതുപോലുളള ഒരു കാര്യമാണ്. ഇന്ന്, ആദായനികുതി പിരിക്കുന്നതുപോലെ, കൊടുക്കാത്തവരിൽ നിന്ന് നിയമനടപടികളിലൂടെ അത് വസൂലാക്കുന്നു.

ഇസ്ലാം ഒരു ബലാൽക്കാരം നടപ്പിലാക്കുവാൻ അനുവദിക്കുമ്പോൾ, നാം മനസ്സിലാക്കണം, ഇതിന്റെ കുത്തക അവകാശം അതിനില്ലായെന്ന്! മറ്റു രാഷ്ട്രങ്ങളും അത് ചെയ്യുന്നുണ്ട്. മനുഷ്യാവകാശങ്ങൾ എന്ന നിലയിലും രാഷ്ട്രത്തിന്റെ അവകാശങ്ങൾ എന്ന നിലയിലും ഇത് സാധാരണ നിലയിൽ അംഗീകരിച്ചിട്ടുളള ഒരു കാര്യമാണ്. ശക്തി ഉപയോഗിച്ച് വിശ്വാസം അടിച്ചേൽപ്പിക്കുന്നുവെന്ന് ഇസ്ലാമിന്റെ മേലുളള ആരോപണം അങ്ങേയറ്റം തെറ്റാണ് ! ജീവിതത്തിന്റെ സമസ്തമേഖലകളെയും സ്പർശിക്കുന്ന ഇസ്ലാം, അതിന് അതുകൊണ്ട് തന്നെ ഭരണകാര്യങ്ങളിൽ താൽപ്പര്യമുണ്ട്. പ്രധാനമായും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ! സമ്മർദ്ദം ഇടപെടുന്നത് അവകാശങ്ങൾ സംരക്ഷിക്കുവാൻ മാത്രമാണ്. സ്വാതന്ത്ര്യത്തിന്റെ ആശയത്തിലാണ് അത് വീക്ഷിക്കപ്പെടുന്നതും.

മതപരമായ കാര്യങ്ങളിൽ, ഇസ്ലാം ബലാൽക്കാരം നടത്തുന്നുവെന്ന് ഇസ്ലാമിനെ കുറ്റപ്പെടുത്തുവാൻ ഒരാൾക്ക് കഴിയില്ല. അഥവാ ഖുർആനിക വചനങ്ങളിൽ, ജനങ്ങളെ കൊല്ലുവാനുളള കൽപ്പനകൾകൊണ്ട് നിറയപ്പെട്ടതാണ് എന്നും പറയുവാൻ കഴിയുകയില്ല. കാരണം ഖുർആൻ അവതരിച്ചത് സാഹചര്യങ്ങൾക്കനുസൃതമായിട്ടാണ്. ആ സാഹചര്യങ്ങൾ ഇന്നും നിലനിൽക്കുന്നു. ഈ അധ്യാപനങ്ങൾ അതുകൊണ്ട് തന്നെ

ഖിയാമത്ത് നാൾവരേക്കും നിലനിൽക്കേണ്ടതുമാണ്. നമുക്ക് മാർഗ്ഗദർശനമായി! നാം ആക്രമിക്കപ്പെട്ടാൽ/ മുറിവേൽപ്പിക്കപ്പെട്ടാൽ, അഥവാ നമ്മുടെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെട്ടാൽ ! എന്നാൽ നാം ഒരിക്കലും ആദ്യം അങ്ങോട്ട് ആക്രമിക്കുവാൻ ഉത്തരവിടാൻ പാടില്ല. നമ്മെ ആക്രമിക്കുമ്പോൾ മാത്രം ! ഇത് സ്വയം പ്രതിരോധത്തിന് തുല്യമാണ്. അതായത് എല്ലാ മുസ്ലീം രാജ്യങ്ങളും, മുസ്ലീം രാജ്യങ്ങൾ അല്ലാത്തവയും ഇപ്ര കാരം പ്രതിരോധിക്കുന്നുവല്ലോ! ഒരു ചെകിട്ടത്തടിച്ചാൽ മറുചെകിട് കാട്ടികൊടുക്കുക എന്ന് പ്രബോധിച്ച, യേശുവിന്റെ അധ്യാപനങ്ങളുണ്ടെങ്കിലും, ഭരണകൂടങ്ങൾ പൊതുവിൽ, തങ്ങളുടെ രാജ്യത്തിന്റെ ഭരണഘ ടന അംഗീകരിച്ചതും അനുവദിച്ചതുമായ നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ക്രിസ്ത്യൻ അധ്യാപനങ്ങൾ ഭരണകൂട നിയമങ്ങൾക്ക് വഴിമാറുന്നു. അങ്ങനെയിരിക്കെ, ഇസ്ലാമിനെ എന്തിന് കുറ്റപ്പെടുത്തുന്നു. അതോ മനുഷ്യാവകാശ സംരക്ഷണത്തിനായി അത് നിലകൊള്ളുന്നു. മതപരമായും മതേ തരമായും! അത് മനുഷ്യനെ തന്റെ സൃഷ്ടാവുമായി കണ്ടുമുട്ടുന്നതിനായി, ശാരീരികമായും, ധാർമ്മികമാ യും, ആത്മീയമായും രൂപപ്പെടുത്തുകയും ചെയ്യുന്നു. ഒരു മുസ്ലീം, ഒരു വ്യക്തി, ഒരു മനുഷ്യൻ സ്വയം പ്രതി രോധത്തിനായി മാത്രമാണ് കൊല്ലുന്നതെങ്കിൽ, ഇസ്ലാമിനെ എന്തിന് പഴിക്കണം ? അല്ലെങ്കിൽ സാർവ്വദേശിക പ്രവാചകനെ എന്തിന് പഴിക്കണം ?

അത് മാത്രമല്ല, ഓരോ യുദ്ധത്തിലും, ഇസ്ലാം, പ്രവാചകൻ (സ) യുടെ കാലത്ത് മാത്രമല്ല, സദ്ചരിത രായ ഖലീഫമാരുടെ കാലത്തും (അബൂബക്കർ, ഉമർ, ഉസ്മാൻ, അലി) ഒരു ഇസ്ലാമിക രാഷ്ട്രമെന്ന നില യിലും, എതിരിടുന്ന സൈന്യത്തോട് നല്ല നിലയിലും തത്തുല്യമായ നിലയിലുമാണ് യുദ്ധം ചെയ്തിട്ടുള്ളത്. യുദ്ധ സമയത്ത് പ്രദേശങ്ങൾ ആക്രമിക്കുക എന്നത് സാധാരണമാണ്. ചില സന്ദർഭങ്ങളിൽ, പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങൾ മറ്റു ജനങ്ങൾക്കെതിരിൽ തിരിയുകയും അവരുടെ പ്രദേശങ്ങൾ കീഴ്പ്പെടുത്തുവാൻ ശ്രമി ക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥ ഇസ്ലാമിക രാഷ്ട്രം, ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യാവകാശം സംര ക്ഷിക്കുന്നതിനാണ് നിലകൊണ്ടിട്ടുള്ളത്. അത് ജനങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തിരുന്നു. അവരത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അതവരുടെ തന്നെ നന്മയ്ക്കുവേണ്ടിയായിരുന്നു. ഇനി അവർ അതിനെ തിരസ്ക്കരിച്ചിട്ടുണ്ടെങ്കിൽ, അത് ചെയ്യുവാനുള്ള അവകാശം അവർക്കുണ്ട്, എന്നാൽ അവരുടെ ഭൂപ്രദേ ശങ്ങൾ മുസ്ലീങ്ങളുടെ കൈകളിലായി, അവരതിൽ ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചു. അതുകൊണ്ട് അവർ ഇസ്ലാമിക രാഷ്ട്രത്തിന്റെ നിയമങ്ങളുമായി സമരസപ്പെട്ടുപോകേണ്ടതായിട്ടുണ്ട്; അത് ഇസ്ലാമിക മതവുമാ യിട്ടല്ലാ, ഖുർ ആൻ മതപരമായും രാഷ്ട്രപരവുമായ കാര്യങ്ങളിൽ മാർഗ്ഗദർശനം നൽകുന്നുണ്ട്. അതു പോലെ മനുഷ്യനെ സംസ്കൃതനാക്കി തീർക്കുവാനും വഴിതുറക്കുന്നു. മനുഷ്യനെ ദൈവത്തെ ആരാധിക്കു ന്നതിന്റെ പ്രതീകമാക്കിത്തീർക്കുവാനും അത് വഴിതുറക്കുന്നു. മുസ്ലീങ്ങൾക്കെതിരിൽ യുദ്ധം നയിച്ചവരെ സംബന്ധിച്ചിടത്തോളം, നമുക്കത് മറക്കുവാൻ കഴിയില്ല. മറ്റ് ജനങ്ങൾ, ക്രിസ്ത്യാനികൾപോലും ഒരു ചെകി ടിലടിച്ചാൽ മറു ചെകിട് കാട്ടിക്കൊടുക്കുക എന്ന അധ്യാപനത്തിന്റെ ആളുകൾ, രക്തദാഹികളുടെ രൂപത്തി ലാണ് പ്രത്യക്ഷപ്പെട്ടത്. ഇതിന്റെ മകുടോദാഹരണമാണ് കുരിശു യുദ്ധങ്ങൾ എന്ന പേരിൽ നടത്തപ്പെട്ട യുദ്ധ ങ്ങൾ ! പരിശുദ്ധ സ്ഥലമായ (ജറുസലേം) പിടിച്ചെടുക്കുന്നതിനായി മുസ്ലീങ്ങൾക്കെതിരിൽ പോപ്പിന്റെയും മറ്റും നേതൃത്വത്തിൽ നടത്തപ്പെട്ട യുദ്ധങ്ങളാണ്.

ഇന്ന് നാം അവരിൽ കാണുന്നത് അതേ രക്തദാഹികളുടെ സമീപനമാണ്. അവർ മുസ്ലീങ്ങളെ കുറ്റ പ്പെടുത്തുന്നു; വിശുദ്ധ പ്രവാചകൻ (സ) യെ കുറ്റപ്പെടുത്തുന്നു. ഭീകരതയ്ക്കെതിരെ പോരാടുന്നതിന് പകരം, അവർ യഥാർത്ഥത്തിൽ ഇസ്ലാമിനെതിരിലാണ് പോരാടുന്നത്. ചോദ്യം ചെയ്യാൻ പാടില്ലാത്ത ഒരു സിദ്ധാന്ത മായി അവർ ഈ ആക്രമണത്തെ കാണുന്നു. ഈ നടപടിയിലൂടെ, മുസ്ലീം തീവ്രവാദികൾക്ക് ഉയർത്തെഴു ന്നേൽക്കുവാൻ അവസരം നൽകുകയാണ്, അവർ ക്രിസ്ത്യാനികളുടെ ഈ നടപടികളെ തടസ്സപ്പെടുത്തു കയും ഇസ്ലാമിന്റെ അവരുടെ തെറ്റായ വ്യാഖ്യാനത്തിലൂടെ അവരെ ആക്രിക്കുവാൻ ശ്രമിക്കുകയുമാണ്. ഈ ശ്രമം ശരിയായ വിശ്വാസമില്ലാതെയും, യഥാർത്ഥനിയമമില്ലാതെയുമാണ്. വിശിഷ്യാ ഖുർആന്റെ അധ്യാപ നങ്ങൾക്കെതിരിലുമാണ്. അമേരിക്കൻ രാഷ്ട്രീയക്കാരും, ജൂതന്മാരും ക്രിസ്ത്യാനികളും, ഡെനാൾഡ് ട്രംപ്നെ പോലുള്ളവർ **(അദ്ദേഹം പറയുന്നു. അമേരിക്കയിൽ മുസ്ലീങ്ങളെ നിരോധിക്കണം. ഇസ്ലാമിക ഭീകരവാദികളെ ആക്രമിച്ചു കീഴ്പ്പെടുത്തണം, ബുള്ളറ്റുകളിൽ പന്നിരക്തം ഉപയോഗിക്കണം. ഇവരെ കൊല്ലുന്നതിനായി !**

**കാരണം മുസ്ലീങ്ങൾ പന്നിയെ വെറുക്കുന്നു. കാരണം അത് അശുദ്ധമായതാണ് എന്നവർ വിശ്വസിക്കുന്നു. മുസ്ലീകളുടെ വിശ്വാസത്തെ അപമാനിച്ച്, ഇസ്ലാമിന്റെ സംഹിതയെ തറപറ്റിക്കുവാൻ അദ്ദേഹം ഉദ്ദേശിക്കുന്നു)** അതുപോലെ ഫ്രഞ്ച് ഗവൺമെന്റ് തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുന്നു, ഇസ്ലാമിനെയും അതിന്റെ ആശയത്തെയും നശിപ്പിക്കുവാൻ ! എന്നാൽ അവർ എത്ര ദൗർഭാഗ്യവാന്മാരാണ് ! ഇസ്ലാം ഭൂമുഖത്ത് സ്ഥാപിക്കുന്നത് സമാധാനവും സൗഹാർദ്ദവുമാണ്. ഒരോ രക്തത്തിലുള്ള സഹോദരങ്ങളെ തമ്മിൽ ഭിന്നിപ്പിക്കുവാനല്ല അത് പഠിപ്പിക്കുന്നത്. കാരണം നാം, പൂമുഖത്തുള്ള സകലരും, ഒടുവിൽ പറഞ്ഞുവരുമ്പോൾ, ആദമിന്റെ മക്കളാണ്. ഇസ്ലാം മാത്രമാണ്, ലോകത്തു വന്നിട്ടുള്ള എല്ലാ യഥാർത്ഥ മതങ്ങളെയും ഒന്നാക്കി തീർക്കുവാൻ ശ്രമിക്കുന്നതും, മാനവരെ, കരുണാനിധിയായ ദൈവത്തിലേക്ക് മാർഗ്ഗദർശനം നൽകുന്നതിനായി നിലകൊളളുന്നതും.

**ആയതിനാൽ അല്ലാഹു (ത) യും അവന്റെ ആദരണീയ പ്രവാചകൻ മുഹമ്മദ് (സ) യും പരിചയപ്പെടുത്തിയ ഇസ്ലാമിക രാഷ്ട്രം, വിശുദ്ധ ഖുർആന്റെയും പ്രവാചകൻ (സ) സുന്നത്തിന്റെയും മാർഗ്ഗദർശനമനുസരിച്ച്, അല്ലാഹുവിന്റെ ഖലീഫമാരുടെ കരങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നതാണ്. അല്ലാതെ താൽക്കാലിക അധികാര മോഹികളിലൂടെയല്ല! ഈ നൂറ്റാണ്ടിലെ നമ്മുടെ ആയുധം, സഹോദരിസഹോദരന്മാരെ! കുഞ്ഞുങ്ങളെ നിങ്ങളോട് ഞാൻ പറഞ്ഞതുപോലെ, നമ്മുടെ പ്രാർത്ഥനകളും, നമ്മുടെ ആന്തരിക പരിഷ്ക്കരണവുമാണ്. തദ്വാര സർവ്വശക്തനായ അല്ലാഹു നമ്മിലേക്ക് ആകർഷിക്കും, അങ്ങനെ അവൻ നമുക്ക് വഴികാട്ടിത്തരും, ദൈവീക വെളിപാടുകളിലൂടെ, ശത്രുക്കളുടെ ഈ ആക്രമണം എങ്ങനെ അവസാനിപ്പിക്കണമെന്നും, ഇസ്ലാമിന്റെ മഹത്വം എങ്ങനെ വീണ്ടെടുക്കണമെന്നും; അല്ലാഹു (ത) അവന്റെ ഖലീഫയെ നിങ്ങൾക്കായി ഈ പുതു നൂറ്റാണ്ടിൽ അയച്ചിരിക്കുന്നു. ആ ഖലീഫ, അല്ലാഹുവിന്റെ പ്രവാചകൻ, വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ടെയും കഴിഞ്ഞ നൂറ്റാണ്ടിലെ വാഗ്ദത്ത മഹ്ദി ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യുടെയും അനുസരണയുള്ള അനുയായിയാകുന്നു. അല്ലയോ മുസ്ലീംകളെ, അല്ലാഹുവിന്റെ സന്തോഷത്തെ ദാഹിക്കുന്നവരെ, നമുക്കൊരുമിച്ച് വിജയത്തിലേക്ക് മുന്നേറാം. ഇൻശാ അല്ലാഹ് ! ആമീൻ.**


**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*